# ഹൈദരാലിയെന്ന കഥകളിനിരൂപകൻ

കെ.ജി. പൗലോസ്

---

കഥകളിലോകത്ത് വേറിട്ട ശബ്ദമായിരുന്നു ഹൈദരാലിയുടേത്. പ്രതികൂലസാഹചര്യങ്ങളോട് മല്ലിട്ടാണ് ഓരോപടവും അദ്ദേഹം കയറിയത്. സ്വന്തം സമുദായത്തിൽ നിന്നും മറ്റുസമൂഹങ്ങളിൽ നിന്നും എതിർപ്പുകൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നു. അപ്പോഴെല്ലാം നിശ്ചയദാർഢ്യത്തോടെ അവയെ അതിജീവിക്കാൻ ഹൈദരാലിക്ക് കഴിഞ്ഞു. സദാ പൊരുതിയാണ് അദ്ദേഹം ജീവിച്ചത്.

അധികമാരും ശ്രദ്ധിച്ചിട്ടില്ലാത്ത ഒരു സവിശേഷത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനുണ്ടായിരുന്നു. നിശിതമായ വിമർശനബുദ്ധിയാണത്. കോട്ടയ്ക്കൽ വെച്ച് നടന്ന ഒരു നളചരിതചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഹൈദരാലി അവതരിപ്പിച്ച പ്രബന്ധം എല്ലാവരെയും അദ്ഭുതപ്പെടുത്തി. കഥകളിരംഗത്തെ വിശിഷ്ടരായ ഒട്ടേറേപ്പേർ അതിൽപങ്കെടുത്തിരുന്നു. നളചരിതത്തിന്റെ പ്രശസ്തിയും പ്രാധാന്യവുമായിരുന്നു അവരുടെ എല്ലാം പ്രബന്ധങ്ങളുടെ വിഷയം. നളചരിതത്തിന്റെ രംഗാവതരണത്തിൽ കാണാറുള്ള അനൗചിത്യങ്ങളെയാണ് ഹൈദരാലി തന്റെ പ്രബന്ധത്തിൽ ചൂണ്ടിക്കാണിച്ചത്. കേട്ടപ്പോൾ അത് ശരിയാണല്ലോ എന്ന് ഏവർക്കും തോന്നുകയും ചെയ്തു.

ആദ്യരംഗത്തെ നാരദപ്രവേശത്തിൽ തന്നെ തുടങ്ങുന്ന അനൗചിത്യം. നളൻ ഇരുന്നപീഠത്തിൽ തന്നെയാണ് നാരദനും ഇരിക്കുന്നത്. പദമാടാൻ തുടങ്ങുമ്പോൾ നളനടൻ സ്റ്റൂള് നീക്കിയിട്ടുകൊടുക്കുകയാണ്, നാരദന് ഇരിക്കാൻ. മഹാരാജാവായ നളനിരിക്കുന്ന സിംഹാസനം അത്തരത്തിൽ മറ്റൊരാൾക്ക് ഇരിക്കാവുന്നതല്ല, വേറൊരുപീഠം ഉണ്ടാകുകയും നാരദനതിൽ ഇരിക്കുകയുമാണുചിതം. 'വാഹസം ഗ്രഹിക്കുന്നു' എന്നിടത്ത് ദമയന്തി കാലിൽ പെരുമ്പാമ്പുമായി ഇഴഞ്ഞ് കാട്ടാളന്റെ അടുത്തേയ്ക്ക് ചെല്ലുകയല്ല, മറിച്ച് കാട്ടാളൻ ദമയന്തിയുടെ അടുത്തേയ്ക്ക് വരികയാണ് ഉചിതം. കാർക്കോടകന്റെ രംഗത്തും ഋതുപർണ്ണ–ബാഹുകസമ്മേളനത്തിലും ഇത്തരമനൗചിത്യങ്ങൾ ഉണ്ട്. ഇതിന്റെ വിശദാംശങ്ങൾ 'ഓർത്താൽ വിസ്മയ'ത്തിലെ ദീർഘമായ ഒരു പ്രബന്ധത്തിലുണ്ട്. നളചരിതത്തിലെ മാത്രമല്ല മറ്റനേകം കഥകളുടെ അവതരണത്തേയും നിശിതബുദ്ധ്യാ പരിശോധിക്കുന്നുണ്ട് ആ ലേഖനം. കോട്ടയംകഥകളുടെ അവതരണത്തിലെ അസ്വാരസ്യങ്ങളെ അദ്ദേഹം അക്കമിട്ടു നിരത്തുന്നു. അർജുനന്റെ സ്വഭാവമഹിമയ്ക്കനുസൃതമായിട്ടല്ല 'സലജ്ജോഹ'ത്തിലെ അവതരണം, സന്താനഗോപാലത്തിലെ പുത്രന്മാരെ നല്കിയശേഷമുള്ള രംഗം, രുക്മാംഗദചരിതത്തിൽ മകന്റെ തലവെട്ടാൻ തുനിയുന്ന സമയം മഹാവിഷ്ണു തടയുന്നത്, രാവണവിജയത്തിൽ രാവണനും ദൂതനും തമ്മിലുള്ള രംഗം, കീചകവധത്തിൽ സൈരന്ധ്രിയുടെ ഞെട്ടൽ തുടങ്ങി അനവധി സന്ദർഭങ്ങളിലെ രംഗാവതരണങ്ങളിൽ കടന്നുകൂടിയ അനൗചിത്യം ശ്രീ. ഹൈദരാലി എടുത്തുകാണിക്കുന്നുണ്ട്. ഇവയിൽ പലതും അജ്ഞത കൊണ്ടോ അശ്രദ്ധകൊണ്ടോ സംഭവിക്കുന്നതാണ്. തികഞ്ഞ സഹൃദയന്റെ പക്ഷത്തുനിന്നാണ് അദ്ദേഹം ഇവയെ നിരൂപണം ചെയ്യുന്നത്. ഭാവാനുസാരിയായി പിന്നണി പാടുന്ന ഗായകൻ മാത്രമല്ല, ഈ കലയുടെ എല്ലാ അംശങ്ങളിലും കണ്ണുചെല്ലുന്ന സൂക്ഷ്മമായ നിരീക്ഷണബുദ്ധിയും നിശിതമായ നിരീക്ഷണചാതുരിയുമൊത്ത ഒരു നിരൂപകനാണ് ഹൈദരാലി എന്ന് ഈ വിമർശനങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഇതിന് മുൻപ് കൃഷ്ണൻകുട്ടിപൊതുവാളാശാൻ മാത്രമേ അവതരണങ്ങളെ പിന്നണിയിൽനിന്നും ഇത്രസൂക്ഷ്മമായി അപഗ്രഥിക്കാൻ മിനക്കെട്ടിട്ടുള്ളൂ.

ഹൈദരാലിയുടെ ലേഖനങ്ങൾക്കുള്ള മറ്റൊരു സവിശേഷത അവതരണത്തിലെ നാടകീയതയാണ്. ഉണ്ണികൃഷ്ണക്കുറുപ്പിന്റെ പാട്ടിന്റെ മഹത്വമാകും വിഷയം. ലേഖനം തുടങ്ങുന്നത് കോട്ടയത്ത് കളിക്കുപോകുന്ന തന്റെ കൂടെ സുഹൃത്തായ ഒരു കളിഭ്രാന്തൻ ഇറങ്ങിത്തിരിക്കുന്നതും പാടുന്നത് ഉണ്ണികൃഷ്ണക്കുറുപ്പല്ലെന്നറിയുമ്പോൾ കളികാണാൻപോലും നില്കാതെ ദുഃഖത്തോടെ മടങ്ങുന്നതുമായ ഒരു സംഭവം ഓർത്തുകൊണ്ടാണ്. ആ ഗായകൻ ജനഹൃദയങ്ങളിൽ എത്ര സ്ഥാനം പിടിച്ചിരുന്നുവെന്നതിന് വേറെ വിവരണം ആവശ്യമില്ല. കഥകളിക്ക് നല്കുന്ന അവാർഡുകളുടെ തുക തുച്ഛമാണെന്ന കാര്യം ഹൈദരാലി നമ്മെ ബോദ്ധ്യപ്പെടുന്നത് ഒരടുക്കളരംഗം ചിത്രീകരിച്ചുകൊണ്ടായിരിക്കും. അവാർഡ് ലഭിച്ചതിന്റെ പടം പത്രത്തിൽ കണ്ട് ആഹ്ലാദിച്ചിരിക്കുമ്പോൾ പത്നിക്ക് ശുണ്ഠി. അപ്പോഴാണ് തുകയിലേക്ക് നോക്കിയത്. അടക്കിപ്പിടിച്ച പരിഹാസമാണ് ഇവിടെ–അധികാരസ്ഥാനങ്ങളോട്, ഒരു കഥകളിക്കാരന്റെ ക്ലേശങ്ങൾ തിരിച്ചറിയാൻ കഴിയാത്ത സമൂഹത്തോട്.

ഈ പരിഹാസം കഥകളിലോകത്തെ ചില അനാചാരങ്ങളുടെ നേർക്കാകുമ്പോൾ കൂരമ്പുകളാകുന്നു. ദ്വൈതവനത്തിൽ താമസിക്കുന്ന അർജുനനെ അവതരിപ്പിക്കുമ്പോൾ ആലവട്ടവും മേലാപ്പുമുണ്ട്, എന്നാൽ അടുത്തരംഗത്തിൽ അർജുനന്റെ പിതാവും സ്വർഗ്ഗനാഥനുമായ ഇന്ദ്രനെ അവതരിപ്പിക്കുമ്പോൾ ഇതൊന്നുമില്ല.

അതിന്റെ കാരണം ഹൈദരാലിക്കറിയാം. രഹസ്യമായി നമ്മോടുപറയുന്നതിങ്ങനെ: 'അർജുനന്റെ വേഷം കെട്ടുന്നതാശാനും ഇന്ദ്രന്റേത് ശിഷ്യനുമാണ്. ആലവട്ടം ശിഷ്യനോ?'

രംഗബോധമില്ലാതെ കടന്നുവന്ന് വികാരതീവ്രത ഹനിക്കുന്ന വിധം വിളക്കിലെ തിരിനീട്ടുന്നവരെപ്പറ്റിപ്പറയുമ്പോൾ ലേഖകന്റെ വിമർശനമിതാണ് – 'ഫോട്ടോഗ്രാഫറുടെ അധികാരമാണ് തിരിനീട്ടുന്നവർക്ക്. അവർക്ക് തിരിനീട്ടാൻ ആസ്വാദകർക്കഭിമുഖമായി ആസനം കാണിച്ച് മുമ്പിൽ വന്നങ്ങനെ നിൽക്കാൻ ഒരു മടിയുമില്ല?' എത്രവട്ടം നമുക്കോരോരുത്തർക്കും തോന്നിയിട്ടുള്ളതാണിത്.

സിനിമയ്ക്കും നാടകത്തിനുമുള്ളതുപോലെ കഥകളിക്കും ഒരു സംവിധായകൻ വേണമെന്നാണ് ഹൈദരാലിയുടെ പക്ഷം. മുൻപറഞ്ഞ അനൗചിത്യങ്ങൾ പലതും പരിഹരിക്കാൻ ഒരു സംവിധായശക്തിക്ക് സാധിക്കും. 1967–ലെ കലാമണ്ഡലത്തിന്റെ വിദേശയാത്രയാണ് ഇപ്പോൾ ഓർമ്മവരുന്നത്. കഥകളിയുടെ ചരിത്രത്തിൽ നിർണ്ണായകമായിരുന്നു ദീർഘമായ ഈ ജൈത്രയാത്ര. വിദേശത്ത് അവതരിപ്പിക്കേണ്ട കഥകൾ ഓരോന്നും അനേകം പ്രാവശ്യം റിഹേഴ്സൽ ചെയ്ത് പുനഃക്രമീകരിച്ചു. രണ്ടുമാസത്തോളം നിരന്തരമായി ഈ പരിശീലനം തുർന്നു. മിലേന സാൽവിനിയായിരുന്നു റിഹേഴ്സൽ നയിച്ചത്. ഓരോ നടന്മാരും രംഗത്ത് നില്ക്കേണ്ട സ്ഥാനവും ചലിക്കേണ്ട ദിശയുംവരെ കൃത്യമായി ചോക്കുകൊണ്ട് അടയാളപ്പെടുത്തിയാണ് റിഹേഴ്സൽ നടത്തിയത്. കടുകിട മാറാൻ അവർ സമ്മതിച്ചില്ല. കഥകളിക്ക് കോറിയോഗ്രാഫി ഉണ്ടായതന്നാണ്. കൃത്യം രണ്ടരമണിക്കൂർ ദൈർഘ്യത്തിലൊതുക്കി ചിട്ടയായി കഥകളി കലാരൂപമെന്ന നിലയിൽ പാശ്ചാത്യസദസ്സുകളിൽ അവതരിപ്പിക്കാൻ കഴിഞ്ഞത് അവരുടെ കർശനമായ ഇടപെടൽ മൂലമാണ്. പ്രായമായ ആശാന്മാർക്ക് ആദ്യമൊക്കെ പുച്ഛമായിരുന്നു: 'കഥകളിക്ക് റിഹേഴ്സലോ? അതും നിയന്ത്രിക്കാൻ ഒരുകൊച്ചു പെണ്ണ്!' എന്നൊക്കെ ആയിരുന്നു ആശാന്മാരുടെ ഭാവം. ഒടുവിലവർക്ക് ഒതുങ്ങേണ്ടി വന്നു, കൃത്യമായി റിഹേഴ്സലിൽ പങ്കെടുക്കുകയും അവതരണങ്ങൾക്കൊരു പ്രത്യേകചിട്ട സൃഷ്ടിച്ചെടുക്കുകയും ചെയ്തു. ഇതുണ്ടാക്കിയ ഒതുക്കം കഥകളിക്ക് വിദേശത്ത് അസാധാരണമായ രൂപസൗഭാഗ്യം നല്കി.

കളരിയിൽ ചിട്ടപ്പെടുത്തിയവയ്ക്ക് മറ്റൊരു സംവിധായകന്റെ പ്രവർത്തനം ആവശ്യമില്ലെന്നൊക്കെ വാദിക്കാമെങ്കിലും നിയന്ത്രിക്കാനൊരാളുണ്ടാകുമ്പോൾ അവതരണഭംഗി കൂടുമെന്നാണ് ഈ ഉദാഹരണം തെളിയിക്കുന്നത്. കഥകളിക്ക് സംവിധായകൻ വേണമെന്ന് ഹൈദരാലി ശക്തിയായി ആവശ്യപ്പെടുന്നതിന്റെ പൊരുളും ഇതുതന്നെ.

നിരൂപണം പോലെ നിശിതമാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളും. കഥകളി കൂടുതൽ ജനപ്രിയമാക്കുന്നതിനെപ്പറ്റിയുള്ള ചർച്ചകളിൽ ഇടപെട്ട് അദ്ദേഹത്തിന് പറയാനുള്ളതിതാണ് –

> 'സാധാരണ ആസ്വാദകരെ കൂടുതൽ ആകർഷിക്കാൻ ശാസ്ത്രീയകലകൾ കീഴോട്ടല്ല പോരേണ്ടത്; ശാസ്ത്രീയ കലകളെ ആസ്വദിക്കാനുള്ള അറിവും തന്റേടവും ഉണ്ടാക്കി ആസ്വാദകരെ ഉയർത്തുകയാണ് ശാസ്ത്രീയ കലകളോട് ചെയ്യേണ്ട നീതി. ഹിമാലയം നമ്മുടെ അടുത്തേയ്ക്ക് വരാറില്ല, നാം സാഹസപ്പെട്ട് ഹിമാലയത്തിന്റെ അടുത്തേയ്ക്ക് കയറാനാണ് ശ്രമിക്കേണ്ടത്'

ശൈലീകൃതകലകൾ ജനകീയമാകണമെന്ന് സ്ഥാനത്തും അസ്ഥാനത്തും ഉദ്ഘോഷിക്കുന്നവർ ഈ നിരീക്ഷണം ശ്രദ്ധിക്കേണ്ടതാണ്. ക്ലാസിക്കൽരൂപങ്ങളെ അവയുടെ ചട്ടക്കൂട് തകർക്കാതെ ജനകീയമാക്കാൻ കഴിയില്ല. അങ്ങനെ ചെയ്യുന്നത് ആ കലാരൂപത്തെ നശിപ്പിക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് ചെയ്യേണ്ടത് അകന്നുനില്ക്കുന്നവരെ കലകളിലേക്ക് അടുപ്പിക്കുകയാണ്. അതിന് പരിശീലനം നല്കണം. പരിശീലനം ഇല്ലാതെ ഒന്നും ഉൾക്കൊള്ളാൻ കഴിയില്ല. നിരന്തരം കാവ്യാഭ്യാസാനുശീലനം ചെയ്യുന്നവനാണ് സഹൃദയൻ. അഭ്യാസവും അനുശീലനവും കൊണ്ടേ കലകൾ ആസ്വദിക്കാനുള്ള സംവേദനശക്തി ഒരുവനുണ്ടാകൂ. അതുണ്ടാക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. സോദാഹരണപ്രഭാഷണങ്ങളും പരിശീലനപരിപാടികളും നടത്തി സമൂഹത്തിന്റെ ഭാവുകത്വത്തെ ക്ലാസിക്കലകളോടടുപ്പിക്കണം. ആസ്വാദനശീലം തലമുറകളിലൂടെ സ്വാഭാവികമായി പകർന്നിരുന്ന പഴയകാലത്ത് ഇത്തരം പ്രവർത്തനങ്ങൾ ആവശ്യമായിരുന്നില്ല. അന്ന് കലാകാരന്മാരെ പരിശീലിപ്പിക്കാനുള്ള കളരികൾ മാത്രം മതിയായിരുന്നു. എന്നാൽ ഇന്ന് അതുപോരാ. സഹൃദയർക്ക് അനുശീലനത്തിനവസരം നല്കാനും കളരികൾ വേണം. ക്ലാസിക്കലകളുടെ നിലനില്പ് ഇത്തരം പ്രവർത്തനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് ഭാവുകത്വസൃഷ്ടിയും കലാമണ്ഡലത്തിന്റെ പ്രവർത്തനത്തിന്റെ പരിധിയിൽ വരുന്നു. 'നൂറരങ്ങ്' പോലുള്ള പരിപാടികൾ കലാമണ്ഡലം ഏറ്റെടുക്കുന്നതിന്റെ പ്രാധാന്യമിതാണ്. ശ്രീ. ഹൈദരാലിയുടെ ദീർഘദൃഷ്ടി ഇക്കാര്യത്തിലും വഴി തെളിയിക്കുന്നതാണ്.

കഥകളിയിലെ മറ്റംശങ്ങളിലെന്നപോലെ സ്വക്ഷേത്രമായ സംഗീതത്തിലും അദ്ദേഹത്തിന്റെ നിരൂപകദൃഷ്ടി പതിക്കുന്നുണ്ട്. പല രാഗങ്ങളുടേയും സ്വരൂപവും അവയ്ക്ക് കാലഗതിയിലുണ്ടായ രൂപമാറ്റവും അദ്ദേഹം സവി

ശേഷയമായി ശ്രദ്ധിക്കുന്നുണ്ട്. സ്വന്തം ആലാപനത്തിൽ ശബ്ദശുദ്ധി ദീക്ഷിക്കുക മാത്രമല്ല, അതുദീക്ഷിക്കാതെ വരുന്ന വികൃതമായ സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്. 'സംഗീതാലാപനത്തിലെ അക്ഷരവൈകല്യങ്ങൾ' എന്ന ലേഖനം സംഗീതലോകത്ത് പ്രവർത്തിക്കുന്ന എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ശാസ്ത്രീയ സംഗീതത്തിൽ മാത്രമല്ല, സിനിമാ-നാടകഗാനങ്ങളിലും അക്ഷരശുദ്ധി പലപ്പോഴും പാലിക്കപ്പെടാറില്ല. 'മല്ലീശരന്റെ പൂവമ്പ്' മല്ലീശ്വരന്റേതായും 'മോഹങ്ങൾ മുരടിച്ചത്' മുരാടിച്ചതായും മാറാറുണ്ട്. കഥകളിസംഗീതത്തിൽ 'എത്രയും അഭിരാമ്യം' അഭിരമ്യമായും 'ഓരോരോ പുരങ്ങൾ' പൂരങ്ങളായും തെറ്റിപ്പാടാറുണ്ട്. തെറ്റായി പദം മുറിക്കലും പാടില്ലാത്തിടത്ത് ദീർഘമായി ഉച്ചരിക്കുന്നതുമൊക്കെ സാധാരണമായിരിക്കുന്നു. അക്ഷരശുദ്ധിയിലും സ്വരശുദ്ധിയിലും നിഷ്കർഷിച്ചാലേ സംഗീതത്തിന് സൗന്ദര്യമുണ്ടാകൂ.

ശ്രീ. കലാമണ്ഡലം ഹൈദരാലി ഏറ്റവും നല്ല മധുരഗായകരിലൊരാളായിരുന്നതുപോലെ തന്നെ നമ്മുടെ കാലഘട്ടത്തിലെ മുതിർന്ന കലാവിമർശകനുമായിരുന്നു. മറ്റ് പല കലാപണ്ഡിതന്മാരുമായി താരതമ്യം ചെയ്യുമ്പോൾ ഒരു മേന്മ അദ്ദേഹത്തിനുണ്ടായിരുന്നു-അരങ്ങിലെ അനുഭവങ്ങൾ. തീവ്രാനുഭവങ്ങളുടെ ചൂളയിൽ കറകളഞ്ഞെടുത്ത കലാതത്ത്വങ്ങൾ ഹൈദരാലിക്ക് ഉയർന്നൊരു സൈദ്ധാന്തികന്റെ പദവിയും പരിവേഷവും നല്കുന്നു.

............................

**ഡോ. കെ. ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം കല്പിത സർവകലാശാല**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205
E-mail: info@kalamandalam.org., kgpaulose@gmail.com
Website: www.kalamandalam.org.